## വാത്സല്യനിധി പദ്ധതി - നിബന്ധനകളും ആനുകൂല്യങ്ങളും

പട്ടികജാതി പെൺകുട്ടികളുടെ സർവ്വതോമുഖമായ വികാസത്തിനായി പട്ടികജാതി വികസന വകുപ്പ് **LIC of India** -യുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് വാത്സല്യനിധി. വകുപ്പ് ചുവടെ പറയും പ്രകാരം ആകെ 1,38,000/- രൂപ പ്രീമിയമായി **LIC** - യ്ക്ക് നൽകുന്നു. പെൺകുട്ടിയ്ക്ക് 18 വയസ് പൂർത്തിയാകുമ്പോൾ **LIC** 3 ലക്ഷം രൂപ ഇൻഷൂർ ചെയ്യപ്പെട്ട പെൺകുട്ടിയ്ക്ക് നൽകുന്നു. കൂടാതെ താഴെ ചേർത്ത പ്രകാരം പെൺകുട്ടിക്കും അച്ഛൻ/അമ്മ, സഹോദരൻ/സഹോദരിക്കും ആനുകൂല്യങ്ങൾ **LIC** വഴി ലഭിക്കുന്നു.

| **ആകസ്മിക മരണത്തിന്** | | |
|---|---|---|
| വരുമാന ദായകൻ | സാധാരണ മരണം | 2,00,000/- രൂപ |
| | അപകട മരണം | 4,00,000/- രൂപ |
| | അപകടം മൂലമുള്ള ഭാഗീകമായ അംഗവൈകല്യം | 1,00,000/- രൂപ |
| | അപകടം മൂലമുള്ള പൂർണ്ണമായ അംഗവൈകല്യം | 2,00,000/- രൂപ |
| മറ്റ് രക്ഷകർത്താവ് | സാധാരണ മരണം | 30,000/- രൂപ |
| | അപകട മരണം | 30,000/- രൂപ |
| കുട്ടി | സാധാരണ മരണം | 3,00,000/- ൽ നിന്നും കുട്ടിയുടെ അക്കൗണ്ടിൽ ലഭ്യമാക്കേണ്ട ഫണ്ട് കുറച്ചതിന്റെ ബാക്കി തുക ഇൻഷുറൻസ് ആനുകൂല്യമായി **LIC** കൊടുക്കുന്നതായിരിക്കും. (ആയത് 8 വയസിന് ശേഷം മാത്രം ബാധകമായിരിക്കും. 8 വയസിന് ശേഷമാണ് ഇൻഷുറൻസ് കവറേജ്) |
| | അപകട മരണം | |

| **വിദ്യാഭ്യാസപരമായ ആനുകൂല്യങ്ങൾ** | | |
|---|---|---|
| **സ്വീകർത്താവ്** | **പഠിക്കുന്ന സ്റ്റാന്റേർഡ്** | **തുക** |
| പെൺകുട്ടി | 9, 10, 11, 12 | 1200/- രൂപ ഓരോ വർഷവും |
| സഹോദരനോ സഹോദരിക്കോ | 9, 10, 11, 12 | 1200/- രൂപ ഓരോ വർഷവും |

**നിബന്ധനകൾ :-** 1.4.2017 - ന് ശേഷം ജനിച്ചിട്ടുള്ള ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി വിഭാഗ പെൺകുട്ടികൾക്കാണ് പദ്ധതിയിൽ അംഗമാകാൻ കഴിയുക. അംഗമാകുന്നവരുടെ പേരിൽ താഴെ ചേർത്ത പ്രകാരം നിബന്ധനകൾക്ക് വിധേയമായി പ്രീമിയം തുക വകുപ്പ് **LIC** യിൽ നിക്ഷേപിക്കുന്നതാണ്.

| **പ്രീമിയം തുക** | | **മാനദണ്ഡങ്ങൾ** |
|---|---|---|
| I | 39,000 | എ. പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിരിക്കണം.<br>ബി. ആദ്യ 90 ദിവസത്തിനുള്ളിൽ നവജാത ശിശുവിന് വേണ്ട പ്രതിരോധ കുത്തിവെയ്പുകൾ എടുത്തിരിക്കണം. |
| II | 36,000 | എ. പെൺകുട്ടിക്ക് 5 വയസ് പൂർത്തിയായിരിക്കണം.<br>ബി. പ്രൈമറി സ്കൂളിൽ പ്രവേശനം നേടിയിട്ടുണ്ടായിരിക്കണം. കൂടാതെ നിശ്ചിത പ്രായത്തിനുള്ളിൽ എടുക്കേണ്ട ബാക്കിയുള്ള പ്രതിരോധ കുത്തിവയ്പുകൾ എടുത്തിരിക്കണം. |
| III | 33,000 | 5-ാം തരത്തിലേക്ക് പ്രവേശനം നേടുകയും 10 വയസ് പൂർത്തിയാവുകയും ചെയ്യണം.<br>ആയത് ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയിരിക്കണം. |
| IV | 30,000 | പെൺകുട്ടി പത്താം തരം പാസാവുകയും 15 വയസ് പൂർത്തിയാവുകയും വേണം.<br>പത്താം തരം പാസായതിന്റെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയത് ഹാജരാക്കണം. |

ഇത് വാത്സല്യ നിധി ഇൻഷൂറൻസിൽ ഉൾപ്പെടുത്തിയതിനുള്ള സാക്ഷ്യപത്രമാണ് **LIC** അനുവദിച്ചിട്ടുള്ള സർട്ടിഫിക്കറ്റ് നിശ്ചിത കാലാവധിവരെ പട്ടികജാതി വികസനവകുപ്പിൽ സൂക്ഷിക്കുന്നതാണ്

Office Use Only